
സീസർ ഷാവേസ്

എഴുത്ത്: ജിഞ്ചർ വാഡ്സ്വർത്ത്

ചിത്രം: മാർക്ക് ഷ്രോഡർ

പരിഭാഷ:: കെ. കെ. കൃഷ്ണകുമാർ



സീസർ ഷാവേസ്

എഴുത്ത്: ജിഞ്ചർ വാഡ്സ്വർത്ത്
ചിത്രം: മാർക്ക് ഷ്രോഡർ
പരിഭാഷ: കെ. കെ. കൃഷ്ണകുമാർ



അരിസോണ

1933

സെസാരിയോ ഷാവേസിന് ആറ് വയസ്സ് തികഞ്ഞു, അവന് സ്കൂളിൽ പോകാനുള്ള സമയമായി.

സെസാരിയോ മൂത്ത സഹോദരി റീത്തയോടൊപ്പം മൺപാതയിലൂടെ സ്കൂളിലേക്ക് നടന്നു

അവന് അൽപ്പം പേടിയുണ്ടായിരുന്നു.

അങ്ങനെ അവൻ റീത്തയുടെ കൈ പിടിച്ചു.

ഷൂസ് ധരിച്ച് പരിചയമില്ലാത്തതു കൊണ്ട്

അവന്റെ കാലുകൾ വേദനിക്കുന്നുണ്ടായിരുന്നു.

സിസാരിയോയുടെ ടീച്ചർ അവന്റെ പേര് 'സീസർ' എന്ന് ചുരുക്കി.


സീസർ എന്നത് ഒരു തനി മെക്സിക്കൻ പേരല്ല !

കുട്ടികൾ ക്ലാസ്സിൽ ഇംഗ്ലീഷിൽ മാത്രം സംസാരിക്കണം എന്നായിരുന്നു ടീച്ചറുടെ കൽപ്പന. അവർക്കത് പ്രയാസമായിരുന്നു, കാരണം വീട്ടിൽ എല്ലാവരും ഹിസ്പാനിക്ക് സംസാരിക്കുന്നവരായിരുന്നു

സീസർ പലപ്പോഴും ഇംഗ്ലീഷ് സംസാരിക്കാൻ മറന്നു പോകുമായിരുന്നു.

അപ്പോളൊക്കെ ടീച്ചർ വടി കൊണ്ട് അവന്റെ വിരലുകളിൽ അടിക്കുക പതിവായിരുന്നു





സീസറിന്റെ മുത്തശ്ശിയും മുത്തച്ഛനും മെക്സിക്കോയിലാണ് ജനിച്ചത്.

സീസറിന്റെ മുത്തച്ഛൻ ക്രൂരനായ ഒരു ഫാം ഉടമയുടെ തൊഴിലാളിയായിരുന്നു

ഫാം ഉടമ തന്റെ തൊഴിലാളികളെ ചാട്ടവാറുകൊണ്ട് അടിക്കുമായിരുന്നു.

മനസ്സു മടുത്ത സീസറിന്റെ മുത്തച്ഛൻ ഒടുവിൽ ഭാര്യയേയും മക്കളേയും കൂട്ടി അരിസോണയിലേക്ക് പലായനം ചെയ്തു.

സീസറിന്റെ അച്ഛൻ ലിബ്രാഡോ , അരിസോണയിൽ വെച്ചാണ് അമ്മ ജുവാനയെ കണ്ടുമുട്ടിയത്.

ജുവാനയും മെക്സിക്കോയിലാണ് ജനിച്ചത്.

അരിസോണയിലെ യുമ എന്ന സ്ഥലത്താണ് സീസർ ജനിച്ചത്.

റിച്ചാർഡും ലാനിയും സീസറിന്റെ ഇളയ സഹോദരന്മാരായിരുന്നു.

ഇളയവനായ വിക്കി കുഞ്ഞായിരുന്നു.

കട്ടിയുള്ള അഡോബ് ഇഷ്ടികകൾ കൊണ്ട് നിർമ്മിച്ച വീട്ടിലാണ് അവർ താമസിച്ചിരുന്നത്.

വേനൽക്കാലത്ത് കുളിർമയും ശൈത്യകാലത്ത് ഇളം ചൂടും നിറഞ്ഞതായിരുന്നു ആ വീട്

രാത്രിയിൽ തകരപ്പാട്ടയും മരക്കഷണങ്ങളും ഉപയോഗിച്ച് അച്ഛൻ കളിപ്പാട്ട കാറുകൾ നിർമ്മിക്കുന്നതും നോക്കിയിരിക്കും സീസർ

ഉറങ്ങാൻ സമയമാകുമ്പോൾ മുത്തശ്ശി കുട്ടികൾ പ്രാർത്ഥിക്കുന്നതും കാതോർത്തിരിക്കും.







ഷാവേസ് കുടുംബത്തിലെ എല്ലാവരും സ്വന്തം കൃഷിയിടത്തിൽ ജോലി ചെയ്തിരുന്നു.

സീസറിന്റെ അച്ഛൻ മണ്ണിൽ വിത്തുകൾ നട്ടു

കളകൾ പറിച്ചു മാറ്റി

നദിയിൽ നിന്ന് വയലുകളിലേക്ക് വെള്ളം എത്തിക്കാൻ കനാലുകൾ കുഴിച്ചു.

വെള്ളമില്ലാതെ വിള വളരില്ലല്ലോ .

സീസറും റിച്ചാർഡും കുതിരകൾക്കും പശുക്കൾക്കും കോഴികൾക്കും തീറ്റ നൽകി. മുട്ടകൾ ശേഖരിച്ചു . റീത്ത എല്ലാവരുടെയും വസ്ത്രങ്ങൾ കൈകൊണ്ട് കഴുകി. ജുവാന ചോളപ്പൊടി കൊണ്ട് റൊട്ടി ഉണ്ടാക്കി.

പാവപ്പെട്ട കുടുംബമായിരുന്നു അവരുടേത് .

എങ്കിലും, ജുവാന വീടില്ലാത്ത പാവങ്ങളെ ക്ഷണിച്ച് ഭക്ഷണം നൽകും.


ആരും വിശന്നു കഴിയരുത് എന്നവൾ ആഗ്രഹിച്ചു.

സീസറിന്റെ അമ്മായിമാരും , അമ്മാവന്മാരും കുട്ടികളും എല്ലാം സമീപത്ത് തന്നെ താമസിച്ചിരുന്നു

അവരെല്ലാം ഇടയ്ക്ക് ഷാവേസ് കുടുംബ ഫാമിൽ ഒത്തുചേരും. എല്ലാവരും ഒരുമിച്ച് നല്ല ഭക്ഷണം കഴിക്കും.

സീസറും മച്ചുനന്മാരും കനാലിൽ നീന്തിത്തുടിക്കും, കുതിരസ്സവാരി ചെയ്യും. മരം കയറും.

സന്തോഷം നിറഞ്ഞ ജീവിതമായിരുന്നു അത്





കഷ്ടപ്പാടിന്റെ നാളുകൾ 1930കൾ

1930 കളിൽ അമേരിക്കയിൽ ലക്ഷക്കണക്കിന് ആളുകൾ തൊഴിൽരഹിതരായി.

ബാങ്കുകൾ അടച്ചുപൂട്ടി . കൂടാതെ നിരവധി കടകളും.

പല കുടുംബങ്ങൾക്കും ആഹാരത്തിനു പോലും പണമില്ലായിരുന്നു. വീടും കൃഷിയിടങ്ങളും വിൽക്കേണ്ടി വന്നു.

മഹാമാന്ദ്യത്തിന്റെ കാലമായിരുന്നു അത്.

അപ്പാഴും ഷാവേസ് കുടുംബത്തിന് ആവശ്യത്തിനുള്ള പാലും മുട്ടയും പച്ചക്കറികളും കിട്ടുന്നുണ്ടായിരുന്നു.

അവർക്കു കഴിക്കാനും അത്യാവശ്യത്തിനു വിൽക്കാനും വേണ്ടത്ര വിഭവങ്ങൾ.

അങ്ങിനെയിരിക്കെ കടുത്ത ഒരു വരൾച്ച ഉണ്ടായി.

മഴയില്ലാത്തതിനാൽ കനാലുകൾ വറ്റിവരണ്ടു. വെള്ളമില്ലാത്തതിനാൽ കൃഷി അസാധ്യമായി.


കോഴികൾക്ക് കൊത്തി ത്തിന്നാൻ ചോള മണികൾ കിട്ടാതായി.

അങ്ങനെ കോഴികൾ മുട്ടയിടുന്നത് നിർത്തി.

പശുക്കൾക്ക് തിന്നാൻ പുല്ലില്ലാതായി.

അങ്ങനെ അവ പാൽ ചുരത്താതായി.





1938- ൽ ചാവേസ് കുടുംബം അവരുടെ ഭൂമി വിൽക്കാൻ നിർബന്ധിതരായി.അവർ ജോലി തേടി കാലിഫോർണിയയിലേക്ക് പോയി.

സീസറിന് 11 വയസ്സായിരുന്നു.

കാലിഫോർണിയയിൽ വലിയ ഫാമുകൾ ഉണ്ടായിരുന്നു. അവർക്ക് വിത്ത് വിതയ്ക്കാനും കള പറിക്കാനും വിള കൊയ്യാനും തൊഴിലാളികളെ ആവശ്യമായിരുന്നു.

ദരിദ്രരായ തൊഴിലാളികൾ തൊഴിൽ തേടി ഒരു കൃഷിയിടത്തിൽ നിന്ന് മറ്റൊന്നിലേക്ക് പോകുമായിരുന്നു. അവരെ 'കുടിയേറ്റ തൊഴിലാളികൾ' എന്നാണ് വിളിച്ചിരുന്നത്.

വസന്തകാലത്ത്, ഷാവേസ് കുടുംബം ഈ പാടങ്ങളിൽ വിതപ്പണിക്ക് കൂടും

അപ്പോൾ വയലുകളിൽ തണുപ്പായിരിക്കും.

സീസർ സാധാരണയായി നഗ്നപാദനായാണ് ജോലി ചെയ്തിരുന്നു.

ഷൂസുകൾ വാങ്ങാൻ വലിയ ചിലവാണ്.


വേനലിൽ കൊടും ചൂടിലായിരുന്നു പണി

ചെറിയ കൈപ്പിടിയുള്ള തൂമ്പ ഉപയോഗിച്ച് സീസർ കള പറിച്ചുകളയും.

അവന്റെ പുറം വേദനിച്ചു .ദിവസം മുഴുവൻ കുനിഞ്ഞു ജോലി ചെയ്യുന്നത് എളുപ്പമായിരുന്നില്ല.

ചിലപ്പോൾ വയലുകളിൽ നിന്ന് കീടനാശിനി മണം മൂക്കിലേക്ക് ഇരച്ചു കേറി. ഉടമകൾ വിളകളിൽ കീടബാധ ഉണ്ടാകാതിരിക്കാൻ കീടനാശിനി തളിക്കുക പതിവായിരുന്നു .

ഇതിൽ ചില കീടനാശിനികൾ കർഷകത്തൊഴിലാളികളെ രോഗികളാക്കി.



കുട്ടികൾ മരങ്ങളിൽ നിന്ന് ഓറഞ്ചും ചെറുനാരങ്ങയും പറിച്ചെടുക്കും.

കൂടാതെ പയറും ബീൻസും, പരുത്തിയും പറിക്കും.

തൊഴിലാളികൾ ഈ പഴങ്ങളും പച്ചക്കറികളും പെട്ടികളിൽ നിറയ്ക്കും.

ഓരോ പെട്ടിയുടെയും തൂക്കത്തിനനുസരിച്ചാണ് കൂലി നൽകിയത്.



കുടുംബത്തിലെ എല്ലാ അംഗങ്ങളും കഠിനമായി ജോലിചെയ്തു.

അവർക്ക് ജീവിക്കാൻ ആവശ്യമായ പണം സമ്പാദിക്കാനുള്ള ഒരേയൊരു മാർഗ്ഗമായിരുന്നു അത്.

കുറഞ്ഞ വേതനത്തിന് ജോലി ചെയ്യാൻ അവർ തയ്യാറായില്ലെങ്കിൽ , മറ്റേതെങ്കിലും കുടുംബം അവരുടെ സ്ഥാനത്ത് ജോലി ചെയ്യാൻ തയ്യാറാകും.

ഒരു വയലിലെ വിളവെടുപ്പ് കഴിയുമ്പോൾ , ഷാവേസ് കുടുംബം മറ്റൊരു വയലിലേക്ക് മാറും.

അവർക്ക് പണം അത്യാവശ്യ മായിരുന്നു.





കുടിയേറ്റ തൊഴിലാളികൾക്കുള്ള ക്യാമ്പുകളിലാണ് ഷാവേസ് കുടുംബം താമസിച്ചിരുന്നത്.വയലുകളിൽ നിർമ്മിച്ച ഈ ക്യാമ്പുകൾ തിരക്കേറിയതും വൃത്തിഹീനവുമായിരുന്നു.

ഷാവേസ് കുടുംബം ഒരു കൊച്ചു കുടിലിൽ ഒതുങ്ങിക്കൂടി. കുടിലിന്റെ തറ വൃത്തിഹീനമായിരുന്നു കുളിമുറി ഇല്ല തന്നെ.

മഴ പെയ്താൽ എല്ലാം നനയും,.

ചുറ്റും ചെളി നിറയും.



പല ക്യാമ്പുകളിലും കുടിലുകൾക്കു പകരം ടെന്റുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ടെന്റുകൾ വളരെ ചെറുതായിരുന്നു.സീസറും റിച്ചാർഡും പുറത്ത് ഉറങ്ങും. റീത്തയുടെ ഉറക്കം കാറിലായിരുന്നു .

ജുവാന പുറത്ത് ഒരു വലിയ പാത്രത്തിൽ ഭക്ഷണം പാകം ചെയ്തു . പക്ഷേ അവൾ വിശക്കു ന്നവർക്ക് ഭക്ഷണം നൽകുന്ന പതിവ് തുടർന്നു.

സാധനങ്ങൾ വാങ്ങുന്നതിന്, സീസറിന്റെ മാതാപിതാക്കൾ അടുത്തുള്ള പട്ടണത്തിൽ പോകുമായിരുന്നു. ചില കടകളിൽ 'വെള്ളക്കാർക്ക് മാത്രം വിൽപ്പന' എന്ന് എഴുതിയ ബോർഡ് കാണാം .

സീസർ കുടുംബം മെക്സിക്കോക്കാരാകയാൽ .അവർക്ക് ഇത്തരം കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ കഴിഞ്ഞിരുന്നില്ല.

സീസർ അരിസോണയെക്കുറിച്ച് എപ്പോഴും ഓർത്തു. അവന് കുതിരസവാരി ചെയ്യാനും

മരം കയറാനും ആഗ്രഹമുണ്ടായിരുന്നു.

തന്റെ കളിപ്പാട്ട കാർ മോഷ്ടിക്കപ്പെട്ടപ്പോൾ, കട്ടവനെ പിടികൂടി തല്ലാൻ അവനു തോന്നി.

പക്ഷേ ജുവാന അവനെ വിലക്കി. രണ്ടുപേർ വിചാരിച്ചാലേ കലഹമുണ്ടാവു എന്നും “ചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കൂ” എന്നും അവർ മകനെ ഓർമിപ്പിച്ചു.







വളർച്ച

1942

സീസറിന് 15 വയസ്സുള്ളപ്പോഴാണ് അവൻ , കാലിഫോർണിയയിലെ ഡെലാനോയിൽ വച്ച് ഹെലൻ ഫാബെല്ലയെ കണ്ടുമുട്ടിയത്. ഹെലന്റെ മാതാപിതാക്കൾ പരുത്തി നുള്ളുന്ന പണിക്ക് ഡെലാനോയിൽ എത്തിയതായിരുന്നു.1948 ൽ ഹെലനും സീസറും വിവാഹിതരായി.അടുത്ത വർഷം അവരുടെ മൂത്ത മകൻ ഫെർണാണ്ടോ ജനിച്ചു. താമസിയാതെ കൂടുതൽ കുട്ടികൾ ഉണ്ടായി .

സീസറും ഹെലനും കഠിനാധ്വാനം ചെയ്തു.


അവർ ബീൻസ്, സ്ട്രോബെറി തുടങ്ങി പലതും വിളവെടുത്തു. ഒരു മണിക്കൂർ ജോലിക്ക് ഏകദേശം ഒരു ഡോളറായിരുന്നു കൂലി. കുട്ടികളുടെ ഭക്ഷണത്തിനും വസ്ത്രത്തിനും പിന്നെ വാടകയ്ക്കും അത് തികയില്ലായിരുന്നു .

കുടിയേറ്റ തൊഴിലാളികൾ കുറെക്കൂടി മികച്ച വേതനത്തിന് അർഹരാണ് എന്ന് സീസർ വിശ്വസിച്ചു.

സീസർ നേതാക്കളെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ചു. നേതാക്കൾ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ എങ്ങനെ സഹായിച്ചു എന്നറിയാൻ അദ്ദേഹം ആഗ്രഹിച്ചു.

അങ്ങിനെയിരിക്കെ സീസർ ഡെലോറസ് വെരാറ്റയെ കണ്ടുമുട്ടി. അവർ മെക്സിക്ക ൻ-അമേരിക്കൻ കർഷക തൊഴിലാളികളെ പലതരത്തിൽ സഹായിച്ചു. സീസർ കണ്ടുമുട്ടിയ മറ്റൊരാൾ ഫ്രെഡ് റോസ് ആയിരുന്നു. കുടിയേറ്റ തൊഴിലാളികൾക്ക് അമേരിക്കൻ പൗരത്വം ലഭിക്കണമെന്ന് ഫ്രെഡ് വാദിച്ചു .അങ്ങനെയാവുമ്പോൾ അവർക്കും വോട്ടുചെയ്യാൻ കഴിയും. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ ക്കനുസ്യതമായി അവർ വോട്ട് ചെയ്യണം.


ഡെലോറസിന്റെയും ഫ്രെഡിന്റെയും ആശയങ്ങൾ മികച്ചതായിരുന്നു. ആളുകൾ ഒന്നിച്ചാൽ അവരുടെ ജീവിതം മാറ്റാൻ കഴിയുമെന്ന് അവർ രണ്ടുപേരും വിശ്വസിച്ചു. പാവപ്പെട്ട മെക്സിക്കൻ-അമേരിക്കൻ തൊഴിലാളികൾ ഒന്നിച്ചാൽ, അവർക്കും ശക്തരാകാൻ കഴിയും.



സ്വന്തം അമ്മയെപ്പോലെ, സീസറും മറ്റുള്ളവരെ സഹായിക്കാൻ ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം മെക്സിക്കൻ അമേരിക്കക്കാരെ വോട്ടർ പട്ടികയിൽ ചേർക്കാൻ സഹായിച്ചു.

സീസറും ഡെലോറസും ചേർന്ന്ഒരു തൊഴിലാളി യൂണിയൻ ആരംഭിച്ചു


അമേരിക്കൻ ഐക്യനാടുകളിലെ ആദ്യത്തെ കർഷകത്തൊഴിലാളി യൂണിയനായിരുന്നു ഇത്.





സീസർ കാലിഫോർണിയയിലുടനീളം സഞ്ചരിച്ചു. കൃഷി നടക്കുന്ന പട്ടണങ്ങളിൽ പോയി തൊഴിലാളികളോട് യൂണിയനെക്കുറിച്ച് സംസാരിച്ചു.

അവർ യൂണിയനിൽ ചേർന്നാൽ, അവർ ഒറ്റ ടീം ആണെന്ന് അദ്ദേഹം അവരോട് പറയും. അവർക്ക് ഒന്നിച്ച് ഫാം ഉടമകളോട് സേവന കാര്യങ്ങളിൽ മാറ്റങ്ങൾ വരുത്താൻ ആവശ്യപ്പെടാം.

ഉടമകൾ സമ്മതിക്കാതിരുന്നാൽ അവർക്ക് സമരം ചെയ്യാം. മാറ്റങ്ങൾ നടപ്പി-ലാക്കുന്നതുവരെ മുഴുവൻ യൂണിയൻ അംഗങ്ങളും ജോലി നിർത്തിവയ്ക്കും .



നിരവധി തൊഴിലാളികൾ സീസറിന്റെ വാക്കുകൾ ശ്രദ്ധിച്ചു. അദ്ദേഹം കഴിവുള്ള ഒരു നേതാവായിരുന്നു. സീസർ പറയുന്നത് ശരിയാണെന്ന് തൊഴിലാളികൾ കരുതി.കൊച്ചു കുടിലുകളിലും കൂടാരങ്ങളിലും താമസിച്ച് അവർക്ക് മടുത്തിരുന്നു.തങ്ങളെ രോഗികളാക്കുന്ന കീടനാശിനികൾ ശ്വസിച്ച് ജോലി ചെയ്യാൻ അവർ ആഗ്രഹിച്ചിരുന്നില്ല.

മാറ്റം എളുപ്പമല്ല എന്ന് അവർക്ക് അറിയാമായിരുന്നു. സീസറിനും അത് അറിയാമായിരുന്നു. പക്ഷേ മാറ്റത്തിന് വേണ്ടി ശ്രമിച്ചേ പറ്റൂ, അദ്ദേഹം കരുതി.

സമാധാനപരമായി വേണം ശ്രമിക്കാൻ.

മുഷ്ടിചുരുട്ടി പോരാടുന്നതിൽ സീസർ വിശ്വസിച്ചിരുന്നില്ല.

സീസർ പരാജയപ്പെടുമെന്ന് പലരും വിശ്വസിച്ചു. കാരണം ഫാം ഉടമകളിൽ ഭൂരിഭാഗവും സമ്പന്ന കുടുംബങ്ങളോ വലിയ കമ്പനികളോ ആയിരുന്നു. സീസർ ദരിദ്രനായ സാധാരണ തൊഴിലാളിയും. അവന്റെ തൊലിയുടെ നിറം വെളുപ്പല്ല, ഇരുണ്ട നിറമായിരുന്നു. അദ്ദേഹം ആയിരക്കണക്കിന് തൊഴിലാളികളിൽ ഒരുവൻ മാത്രം.





ശക്തമായ പ്രവർത്തനം!

1965

പക്ഷേ ക്രമേണ സീസർ ശക്തനായ ഒരു യൂണിയൻ നേതാവായി. പണിമുടക്കാൻ സമയമായി എന്ന് യൂണിയൻ തീരുമാനിച്ചു.

കാലിഫോർണിയയിലെ തൊഴിലാളികൾ മുന്തിരി വിളവെടുക്കില്ലെന്ന് തീരുമാനിച്ചു.


വള്ളികളിൽ തൂങ്ങിക്കിടന്ന മുന്തിരിക്കുലകൾ അഴുകിപ്പോയി.

ഫാം ഉടമകൾക്ക് നഷ്ടം സംഭവിച്ചു.

മുന്തിരി വാങ്ങരുതെന്ന് സീസർ ഉപഭോക്താക്കളോട് ആഭ്യർഥിച്ചു .പല കുടുംബങ്ങളും ഇതിന് സമ്മതിച്ചു. അവൻ മുന്തിരി വാങ്ങിയില്ല.


ചില കടകൾ മുന്തിരി വിൽപ്പന പൂർണ്ണമായും നിർത്തി. പല ട്രക്ക് ഡ്രൈവർമാരും മുന്തിരി കൊണ്ടുപോകാൻ വിസമ്മതിച്ചു.

ഫാം ഉടമകൾക്ക് കൂടുതൽ നഷ്ടം സംഭവിച്ചു.



തൊഴിലാളികളും കടുത്ത വിഷമത്തിലായി. അവർക്ക് ഒരു വരുമാനവുമില്ലാതായി. എങ്ങിനെ കുടുംബങ്ങളെ പോറ്റും ?

അവർക്ക് മറ്റെന്തെങ്കിലും ജോലി കണ്ടെത്തേണ്ടതുണ്ടായിരുന്നു. മറ്റേതെങ്കിലും വിളവെടുപ്പ് ജോലി കിട്ടുമോ? സീസർ അവരോട് ക്ഷമയോടെയിരിക്കാൻ പറഞ്ഞു. തൊഴിലാളികൾക്കും അവകാശങ്ങളുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തി.







ഒരു വർഷം കടന്നു പോയി. സമരത്തെക്കുറിച്ച് കൂടുതൽ ജനങ്ങളെ അറിയിക്കാൻ അവർ നിശ്ചയിച്ചു.

1966- ൽ സീസർ കാലിഫോർണിയ യുടെ തലസ്ഥാനമായ സാക്രമെന്റോയിലേക്ക് ഒരു മാർച്ച് നയിച്ചു . ഡെലാനോയിൽ നിന്ന് 300 മൈൽ നീണ്ട ആ കാൽനട യാത്ര പൂർത്തിയാക്കാൻ 25 ദിവസമെടുത്തു.

.

അതോടെ വാർത്ത എല്ലായിടത്തും പരന്നു.സീസറിനൊപ്പം ജാഥയിൽ പങ്കുചേരാൻ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ എത്തി. അഭിനേതാക്കൾ, നേതാക്കൾ, വിദ്യാർത്ഥികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരും തൊഴിലാളികൾക്കൊപ്പം നടന്നു. വഴിയിൽ, നിരവധി തൊഴിലാളികൾ അവർക്ക് ഭക്ഷണവും വെള്ളവും ഒരുക്കി. സീസറിന്റെ കാലുകൾ തളർന്നിരുന്നു.അദ്ദേഹത്തിന് കടുത്ത പനിയും പിടിപെട്ടു. പക്ഷേ സീസർ മുന്നോട്ട് തന്നെ നടന്നു

ആളുകൾ പത്രങ്ങളിൽ ജാഥയെക്കുറിച്ച് വായിച്ചു. ടെലിവിഷനിലും വാർത്ത വന്നു. കുടിയേറ്റ തൊഴിലാളികളെ സഹായിക്കേണ്ടതാണ് എന്ന് ചിലർക്ക് തോന്നി. മറ്റു ചിലർ ഇതിനോട് വിയോജിച്ചു. ഏതായാലും മുന്തിരി സമരം തുടർന്നു. മറ്റ് സംസ്ഥാനങ്ങളിലെ അമേരിക്കക്കാരും മുന്തിരി വാങ്ങുന്നത് നിർത്തി.

സീസറും യൂണിയനും വലിയൊരു മാറ്റത്തിന് തുടക്കം കുറിക്കുന്നതായി തോന്നി.

ഒടുവിൽ, അഞ്ച് വർഷത്തിന് ശേഷം, മുന്തിരിത്തോട്ട ഉടമകൾ കീഴടങ്ങി.1970 ൽ സമരം അവസാനിച്ചു.

തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കാൻ തുടങ്ങി. അവർക്ക്ചികിൽസാ സഹായവും ലഭിച്ചു. സീസർ ക്ഷീണിതനായിരുന്നു എങ്കിലും ഏറെ സന്തോഷവാനുമായിരുന്നു. നല്ലൊരു തുടക്കം ആയിരുന്നു അത്.

തൊഴിലാളികൾ ജോലിയിലേക്ക് മടങ്ങി.










പണിമുടക്കിന് ശേഷം
1970

സീസറും ഹെലനും ലളിതമായ ജീവിതം നയിച്ചു. അവർക്ക് എട്ട് കുട്ടികളുണ്ടായിരുന്നു. അവരുടെ താമസത്തിനും ഭക്ഷണത്തിനുമുള്ള പണം യൂണിയൻ നൽകി. അതുകൊണ്ട് സീസറിന് തന്റെ കുടുംബം പുലർത്താൻ പ്രയാസമുണ്ടായില്ല.

സീസർ രാപ്പകൽ യൂണിയനു വേണ്ടി പ്രവർത്തിച്ചു. യോഗങ്ങളിൽ പങ്കെടുത്തു. ജാഥകൾക്ക് നേതൃത്വം നൽകി. പ്രഭാഷണങ്ങൾ നടത്തി. എല്ലാ കർഷകത്തൊഴിലാളികൾക്കും നീതി ലഭിക്കുന്നു എന്നു ഉറപ്പാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. പ്രവർത്തനങ്ങൾക്കായി അദ്ദേഹത്തിന് പലപ്പോഴും ആഴ്ചകളോളം വീട്ടിൽ നിന്ന് മാറി നിൽക്കേണ്ടി വന്നിരുന്നു

അത് അദ്ദേഹത്തെ ക്ഷീണിതനാക്കി.

1993 ലെ ഒരു രാത്രിയിൽ സീസർ അന്ത്യ ശ്വാസം വലിച്ചു . ദയാലുവായ അദ്ദേഹം വളരെ നേരത്തെ ഈ ലോകം വെടിഞ്ഞു. മരിക്കുമ്പോൾ 66 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. സീസറിനോടുള്ള ആദര സൂചകമായി കാലിഫോർണിയയിലെ സംസ്ഥാന പതാകകൾ പകുതി താഴ്ത്തിക്കെട്ടി. സീസറിന്റെ സഹോദരൻ റിച്ചാർഡ് അദ്ദേഹത്തിനായി പൈൻ മരം കൊണ്ട് ഒരു ശവപ്പെട്ടി തീർത്തു. സീസറിന്റെ ശവസംസ്കാരം ഡെലാനോയ്ക്കു അടുത്ത് നടന്നു. 40000 ത്തോളം പേർ ആ ചടങ്ങിൽ പങ്കെടുത്തു. അവരിൽ അധികം പേരും കുടിയേറ്റക്കാരായ ഫാം തൊഴിലാളികളായിരുന്നു. സീസർ തന്റെ ജീവിതകാല മുഴുവൻ മറ്റുള്ളവരെ സഹായിച്ചു. അദ്ദേഹം തന്റെ വാക്കുകൾ കൊണ്ടാണ് ജനങ്ങളെ സേവിച്ചത്, കൈക്കരുത്തു കൊണ്ടല്ല .





മുന്തിരി സമരത്തിന്റെ ഇരുപതാംവാർഷികത്തിൽ സീസർ ഷാവേസ്സംസാരിക്കുന്നു.

സീസർ ഷാവേസിന് നിരവധി ബഹുമതികൾ ലഭിച്ചു. 1990 -ൽ മെക്സിക്കോ പരമോന്നത ബഹുമതിയായ ആസ്ടെക് ഈഗിൾ നൽകി ആദരിച്ചു . സീസറിന്റെ മരണാനന്തരം , 1994-ൽ , ഷാവേസ് കുടുംബം വാഷിംഗ്ടൺ ഡി.സി. യിൽ വച്ച് സീസറിന്റെ സ്മരണയ്ക്കായി നൽകപ്പെട്ട പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം വൈറ്റ് ഹൗസിൽ വെച്ച് സ്വീകരിച്ചു .

അഹിംസാത്മക മാർഗങ്ങളിലൂടെ മാറ്റം കൊണ്ടുവരുന്നതിൽ വിശ്വസിച്ചിരുന്ന മറ്റ് നേതാക്കളിൽ നിന്നാണ് സീസർ പ്രചോദനം ഉൾക്കൊണ്ടത്. മോഹൻദാസ് കരംചന്ദ് ഗാന്ധിയും മാർട്ടിൻ ലൂഥർ കിംഗും അത്തരത്തിലുള്ള രണ്ട് നേതാക്കളായിരുന്നു .

എല്ലാ മനുഷ്യർക്കും അടിസ്ഥാന മനുഷ്യാവകാശങ്ങൾ ലഭ്യമാകുന്നതുവരെ കാറുകൾ , ടെലിവിഷനുകൾ, മറ്റ് ആഡംബരങ്ങൾ എന്നിവ ഉപയോഗിക്കുന്നത് ശരിയല്ല എന്ന് അദ്ദേഹം വിശ്വസിച്ചു

1962- ൽ സീസർ ഷാവേസും ഡെലോറസ്വി വെർട്ടയും നാഷണൽ ഫാം വർക്കേഴ്സ് അസോസിയേഷൻ (nfwa) സ്ഥാപിച്ചു . ഈ സംഘടന പിന്നീട് യുണൈറ്റഡ് ഫാം വർക്കേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്ക (UFW) ആയി മാറി. സീസറിന്റെ സഹപ്രവർത്തകരിൽ പലരും അവരുടെ കുട്ടികളും UFW-യിൽ ജോലി തുടർന്നു. കുടിയേറ്റ തൊഴിലാളികൾക്ക് അനുകൂലമായ മാറ്റങ്ങളും നിയമങ്ങളും നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനായി കാലിഫോർണിയയുടെ തലസ്ഥാനമായ സാക്രമെന്റോയിലേക്ക് UFW അംഗങ്ങൾ ഇപ്പോഴും വർഷം തോറും മാർച്ച് നടത്തുന്നു. അവരുടെ മുദ്രാവാക്യം "വിവ ലാ കോസ!“ (ലക്ഷ്യം നീണാൾ വാഴട്ടെ)എന്നതാണ്.

കാലിഫോർണിയയിൽ എല്ലാ മാർച്ച് 31 നും ഷാവേസിനെ ആദരിക്കുന്നു . ഒരു ലാറ്റിനോ നേതാവിന്റെ പേരിൽ അനുവദിക്കുന്ന ആദ്യത്തെ അവധി ദിനമാണ് ഇത്. കുട്ടികൾ ഷാവേസിനെക്കുറിച്ച് വായിക്കുകയും അദ്ദേഹത്തിന്റെ ജീവിതം ആഘോഷിക്കുകയും ചെയ്യുന്നു. നിരവധി സ്കൂളുകൾ , തെരുവുകൾ, പാർക്കുകൾ എന്നിവയ്ക്ക് അദ്ദേഹത്തിന്റെ പേരാണ് നൽകിയിരിക്കുന്നത്.

ദശലക്ഷക്കണക്കിന് കുടിയേറ്റ തൊഴിലാളികൾ അമേരിക്കയിൽ താമസിക്കുന്നു. ബുദ്ധിമുട്ടുള്ളതും അപകടകരവുമായ ജോലികൾക്ക് അവർക്ക് കുറഞ്ഞ വേതനം ലഭിക്കുന്നു. മറ്റ് തൊഴിലാളികളെ അപേക്ഷിച്ച് കുടിയേറ്റ തൊഴിലാളികൾ രോഗബാധിതരാകാനുള്ള സാധ്യത കൂടുതലാണ്. അവരുടെ കുട്ടികൾ ദാരിദ്ര്യത്തിലാണ് വളരുന്നത്. അവരിൽ പലർക്കും കാൻസർ വരുന്നു. കൃഷിയിൽ ഉപയോഗിക്കുന്ന കീടനാശിനികളും വിഷ രാസവസ്തുക്കളും മൂലമാണ് ഇത് സംഭവിക്കുന്നതെന്ന് ഡോക്ടർമാരും പൊതുജനാരോഗ്യ പ്രവർത്തകരും വിശ്വസിക്കുന്നു.

സീസർ ഷാവേസ് തന്റെ ജീവിതം മുഴുവൻ മറ്റുള്ളവരെ സഹായിക്കുന്നതിനായി സമർപ്പിച്ചു. ആ പ്രവൃത്തി തുടരണം. 1968 -ൽ അദ്ദേഹം പറഞ്ഞു , " നമ്മുടെ ജീവിതം മാത്രമാണ് നമുക്കുള്ളത്, നമ്മൾ എങ്ങനെയുള്ള ആളുകളാണെന്ന് നിർണ്ണയിക്കുന്നത് നാം ആ ജീവിതം എങ്ങിനെ ഉപയോഗിക്കുന്നു എന്ന കാര്യമാണ് ."

പ്രധാന തീയതികൾ

1927 - മാർച്ച് 31 ന് അരിസോണയിലെ യുമയ്ക്ക് സമീപം സീസർ ഷാവേസിന്റെ ജനനം .

1937-44 – കാലിഫോർണിയയിലെ വിവിധ സ്ഥലങ്ങളിൽ കുടിയേറ്റ കർഷക തൊഴിലാളിയായി കുടുംബത്തോടൊപ്പം ജോലി ചെയ്തു.

1942 - എട്ടാം ക്ലാസ് പൂർത്തിയാക്കി.

1944 - യുഎസ് നാവികസേനയിൽ ചേർന്നു.

1948 – ഹെലൻ ഫാബെല്ലയെ വിവാഹം കഴിച്ചു.

1962 - നാഷണൽ ഫാം വർക്കേഴ്സ് അസോസിയേഷൻ ആരംഭിച്ചു.

1965 – മുന്തിരി പറിക്കുന്ന തൊഴിലാളികളുടെ സമരം ആരംഭിച്ചു.

1966 – സാക്രമെന്റോയിലേക്ക് കാൽനടയായി പ്രതിഷേധ മാർച്ച് നടത്തി.

1970 - മുന്തിരിത്തോട്ട ഉടമകൾ യൂണിയൻ ആവശ്യങ്ങൾ അംഗീകരിച്ചു. ലെറ്റൂസ് തൊഴിലാളികളുടെ സമരം പിൻവലിക്കാൻ വിസമ്മതിച്ചതിന് സീസറിനെ ജയിലിലടച്ചു.

1972 - എൻഎഫ്ഡബ്ല്യുഎ യുണൈറ്റഡ് ഫാം വർക്കേഴ്സ് ഓഫ് അമേരിക്ക എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

1975 - കാലിഫോർണിയ കാർഷിക തൊഴിൽ ബന്ധ നിയമം പാസാക്കി. കർഷക തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ആദ്യ നിയമമാണിത്.

1988 - കീടനാശിനികളുടെ ഉപയോഗത്തിനെതിരെ സീസർ പ്രതിഷേധിച്ചു.

1990 - സീസറിന് മെക്സിക്കോയുടെ പരമോന്നത ബഹുമതിയായ അസ്ടെക് കഴുകൻ എന്നർത്ഥം വരുന്ന 'അഗ്വില ആസ്ടെക്ക' ലഭിച്ചു.

1993 – ഏപ്രിൽ 21 ന് അരിസോണയിൽ വച്ച് മരിച്ചു.

1994 - സീസറിന് മരണാനന്തരം പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം ലഭിച്ചു. അദ്ദേഹത്തിന്റെ കുടുംബം സീസർ ഇ ഷാവെസ് ഫൌണ്ടേഷൻ സ്ഥാപിച്ചു.